പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 466

10.06.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിലെ അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റപ്പോൾ കൺസ്യൂമർ ഫെഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നത്; പ്രസ്തുത ലാഭ/നഷ്ട കണക്ക് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2010-2011 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡ് നഷ്ടത്തിലായിരുന്നു. ആ വർഷത്തെ കണക്കു പ്രകാരം തൻവർഷ പ്രവർത്തന നഷ്ടം 19.28 കോടി രൂപയും 2010-2011 വരെ അറ്റനഷ്ടം 93.45 കോടി രൂപയും ആണ്. |
| (ബി) | വിജിലൻസ് പരിശോധനകളിലൂടെ കൺസ്യൂമർഫെഡിൽ എത്ര രൂപയുടെ അഴിമതി നടന്നതായി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്; | (ബി) | വിജിലൻസ് പരിശോധനകളിൽ കൺസ്യൂമർഫെഡിൽ സാമ്പത്തിക അഴിമതി നടന്നതു സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ നീതി വിതരണ കേന്ദ്രങ്ങളിൽ 64,15,976/- രൂപയുടെ അഴിമതി നടന്നതായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അഴിമതി നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ നീതി വിതരണ കേന്ദ്രങ്ങളിൽ ചുമതല വഹിച്ചിരുന്ന സീനിയർ മാനേജർമാരായ സ്വീഷ് സുകുമാരൻ, കെ.എം.ഷാജി |

ഗ്രന്ദിവരെ അന്വേഷണത്തിന്റെ ഭാഗമായി നിലവിൽ ജോലി ചെയ്തിരുന്ന യൂണിറ്റുകളിൽ നിന്നും സ്ഥലം മാറ്റിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ